# ഫോക്കസ് ഏരിയ
# അടിസ്ഥാനപാഠാവലി
# പഠനക്കുറിപ്പുകൾ

## Unit:1
## 'ജീവിതം പടർത്തുന്ന വേരുകൾ'
## Chapter:1
## 'പ്ലാവിലക്കഞ്ഞി'

'വേരുകൾ' എന്ന കഥ നൽകുന്ന സന്ദേശം എന്ത്?

വൃക്ഷങ്ങളെ നിലനിർത്തുന്നത് വേരുകളാണ്.വേരറ്റ് പോയാൽ എത്ര വലിയ വൃക്ഷമായാലും നിലംപതിക്കും.മരത്തിനു വേരുകൾ പോലെയാണ് മനുഷ്യന് ബന്ധങ്ങൾ. ഒരോ മനുഷ്യനും മറ്റുള്ളവരുമായി പലതരത്തിലുള്ള ബന്ധങ്ങൾ സൃഷ്ടിച്ചാണ് വളരുന്നത്. അമ്മയോടുള്ള,ഭൂമിയോടുള്ള സ്നേഹത്തിന്റെ പ്രതീകമാണ് വേരുകൾ.പരസ്പരസ്നേഹവും വിശ്വാസവും സഹവർത്തിത്വവുമാണ് ജീവിതത്തിന്റെ വേരുകൾ. അവയാണ് ജീവിതത്തെ പവിത്രവും ദൃഢവുമാക്കുന്നത്.

## പ്ലാവിലക്കഞ്ഞി

1.ജീവിതദുരിതങ്ങളെ സ്നേഹം കൊണ്ട് അതിജീവിക്കുന്നതിന്റെ വികാരനിർഭരമായ ആവിഷ്കാരമാണ് പ്ലാവിലക്കഞ്ഞിയുടെ ഒരു പ്രധാന സവിശേഷത. വിലയിരുത്തുക

മനോഹരമായ സ്നേഹബന്ധങ്ങളുടെ കഥ പറയുന്ന നോവൽ കൂടിയാണ് രണ്ടിടങ്ങഴി.അത്തരം മുഹൂർത്തങ്ങൾ രണ്ടിടങ്ങഴിയിലെ പതിനേഴാം അധ്യായത്തിൽ കാണാം.
കൂലിയായി ലഭിച്ച മുക്കാൽ രൂപയുമായി കോരൻ നാടുനീളെ അരി അന്വേഷിച്ചു നടന്നു.ഒടുവിൽ നാഴി അരിയും കപ്പയുമായി കോരൻ കുടിലിലെത്തി.കോരന്റെ ഭാര്യ 'ചിരുത' അന്ന് ഒന്നും കഴിച്ചിട്ടില്ല.അതിനാൽ ഉള്ളകഞ്ഞി ചിരുത കഴിക്കട്ടെ എന്നു കരുതി വയറിന് സുഖമില്ല എന്ന ഭാവത്തിൽ കോരൻ കിടന്നു.എന്നാൽ കോരൻ പട്ടിണികിടക്കാൻ ചിരുത അനുവദിച്ചില്ല.കൂടുതൽ കഞ്ഞി കോരനു നൽകി കുറച്ചുമാത്രം അവൾ കഴിച്ചു.പിറ്റേന്ന് കോരന് ജോലിക്ക് പോകുമ്പോൾ നൽകാനായി കഞ്ഞി കരുതിവയ്ക്കുകയും ചെയ്തു.ജീവിതത്തിലെ ഇല്ലായ്മകളെ പരസ്പരസ്നേഹത്താൽ അവർ അതിജീവിക്കുന്നു

കോരനുമായി പിണങ്ങികഴിഞ്ഞിരുന്ന അച്ഛൻ വർഷങ്ങൾക്കുശേഷം കുടിലിലെത്തിയപ്പോൾ ചിരുത  അവൾ നെയ്ത മുറം വിറ്റ് അരി വാങ്ങി ഒരു വറ്റ് പോലും കഴിക്കാതെ കോരന്റെ അപ്പന് കഞ്ഞികോരി നൽകി.ചിരുത സ്വന്തം

പിതാവിനെപ്പോലെ കോരന്റെ പിതാവിനെയും കരുതുന്നു. പണികഴിഞ്ഞ് കുടിലിലെത്തിയ കോരൻ ചിരുതയുമായി സംസാരിച്ചിരിക്കുന്ന അച്ഛനെ കണ്ടു. മനംകുളിർപ്പിക്കുന്ന കാഴ്ചയായിരുന്നു അത്." അപ്പാ" എന്ന വിളിയോടെ കോരൻ അപ്പനെ കെട്ടിപ്പിടിച്ചു. വർഷങ്ങൾക്കുശേഷം കുടിലിലെത്തിയ അപ്പനും കോരനും തമ്മിലുള്ള കൂടിക്കാഴ്ച പിതൃപുത്രബന്ധത്തിന്റെ തീവ്രത വ്യക്തമാക്കുന്നു.അപ്പന്റെയും മകന്റെയും സ്നേഹം കണ്ട് ചിരുതയും സന്തോഷിക്കുന്നു. സ്വന്തം അപ്പന് ഒരുനേരമെങ്കിലും വയറു നിറച്ച് ചോറ് നൽകണം.അതാണ് അവന്റെ സ്വപ്നം. ആഴത്തിലുള്ള സ്നേഹബന്ധം കൊണ്ട് ജീവിതദുരിതങ്ങളെ മറികടക്കുകയാണ് ആ കുടുംബം.

2."തമ്പ്രാ ഏനു നെല്ലുകൂലി മതി,ചക്രം മേണ്ട".സന്ദർഭം വിശദമാക്കുക

പുഷ്പവേലിൽ ഔസേപ്പിൽ നിന്നും നെല്ലിന് പകരം പൈസ കൂലിയായി ലഭിച്ചപ്പോഴുള്ള കോരന്റെ പ്രതികരണമാണ് ഈ സംഭാഷണം. ജന്മിമാർക്ക് വേണ്ടി പണിയെടുക്കുന്ന അടിയാളൻമാരായ കൃഷിക്കാർക്ക് നെല്ലാണ് കൂലിയായി ലഭിച്ചിരുന്നത്.എന്നാൽ നെല്ലിന് വില കൂടിയപ്പോൾ നെല്ലിന് പകരം പൈസ കൂലിയായി നൽകിത്തുടങ്ങി.ഈ പൈസയുമായി നാടുനീളെ നടന്നാലും അരി ലഭിക്കില്ല.കോരൻ കൂലിയായി നെല്ല് ആവശ്യപ്പെടുന്നത് വിൽക്കാനല്ല അത്താഴത്തിനാണ്.

3."നെല്ലില്ല,പിശാശുക്കള്" അടിയാളൻമാരായ കൃഷിക്കാരോടുള്ള ജൻമിമാരുടെ സമീപനം ഈ കഥാസന്ദർഭത്തിൽ തെളിഞ്ഞു വരുന്നതെങ്ങനെ? വിശകലനം ചെയ്യുക

തങ്ങളുടെ കൃഷിയിടത്തിൽ പകലന്തിയോളം പണിയെടുക്കുന്ന തൊഴിലാളികളെ ജന്മിമാർ അടിമകളെപ്പോലെ കരുതുന്നു.തൊഴിലാളികളുടെ അഭ്യർഥനകൾക്കു വിലനൽകാതെ അവരെ ആട്ടിപ്പായിക്കുന്നു. മനുഷ്യൻ എന്നുള്ള പരിഗണനപോലും അവർക്ക് നൽകുന്നില്ല.തൊഴിലാളികളെ പിശാചുക്കളായി കാണുന്നു.നെല്ല് കൂലിയായി ആവശ്യപ്പെട്ട കോരൻ ജന്മിയായ പുഷ്പവേലിൽ ഔസേപ്പിന്റെ കണ്ണിൽ പിശാചാണ്.ജന്മിമാരുടെ മനസ്സിൽ നിറഞ്ഞുനിൽക്കുന്ന തൊഴിലാളിയോടുള്ള വെറുപ്പിന്റെയും അറപ്പിന്റെയും പ്രതിഫലനമാണ് 'പിശാച്' എന്ന പദപ്രയോഗം.

4.രാത്രിയുടെ കൂരിരുട്ടിൽ നടക്കുന്ന ചില വൻവ്യാപാരങ്ങൾ കോരൻ കണ്ടു'. ആശയം വിശദമാക്കുക

ജന്മിമാർക്കു വേണ്ടി പണിയെടുക്കുന്ന പാവപ്പെട്ട കർഷകത്തൊഴിലാളികൾക്ക് നെല്ലാണ് കൂലിയായി നൽകിയിരുന്നത്.എന്നാൽ നെല്ലിന് വില കിട്ടാൻ തുടങ്ങിയപ്പോൾ നെല്ലിന് പകരം പൈസ കൂലിയായി നൽകിത്തുടങ്ങി.ഈ പൈസയുമായി നാട്നീളെ നടന്നാലും നെല്ല് ലഭിക്കില്ല.അന്നന്നത്തെ അത്താഴത്തിനുള്ള നെല്ല് പോലും ലഭിക്കാതെ അവരുടെ ജീവിതം പട്ടിണിയിലായി.ജന്മിമാർ പൂഴ്ത്തിവെച്ച നെല്ലെല്ലാം രാത്രികാലങ്ങളിൽ വലിയ കെട്ടുവള്ളങ്ങളിൽ കയറ്റി നഗരങ്ങളിലെ മില്ലുകളിലെത്തിച്ചു.അവർക്ക് നല്ല ലാഭവും ലഭിച്ചു.അങ്ങനെ നെല്ല് വിൽക്കുന്ന കാഴ്ചയാണ് കോരൻ

കണ്ടത്.പിൽക്കാലത്ത് ജൻമിമാരുടെ ചൂഷണത്തിനെതിരെ പ്രതിഷേധം ഉയർത്താൻ കോരനെ പ്രേരിപ്പിച്ചത് ഈ സംഭവമാണ്.

5.അങ്ങനെ പാതിരായ്ക്കുശേഷം അടുപ്പിൽ തീ എരിഞ്ഞു.ആ കുടിലിൽ വെളിച്ചമുണ്ടായി.ഈ വാക്യം നൽകുന്ന സൂചന എന്ത്?

അന്നത്തെ ദിവസം ആ കുടിലിൽ ആഹാരം പാകം ചെയ്തിട്ടില്ല.അന്ന് പാതിരായ്ക്കാണ് കോരന്റെ കുടിലിലെ അടുപ്പിൽ തീ കത്തിയത്.കുടുംബത്തിന്റെ ദൈന്യത സുചിപ്പിക്കുന്ന വാക്യമാണിത്.അടുപ്പിലെ പ്രകാശം കുടിലിലെ പ്രകാശം മാത്രമല്ല കോരന്റേയും ചിരുതയുടേയും മനസ്സിലെ പ്രകാശം കൂടിയാണ്.ചിരുത അന്നത്തെ ദിവസം ഒന്നും കഴിച്ചിട്ടില്ല. പകലന്തിയോളം പണിയെടുത്ത കോരനും തളർന്നാണ് കുടിലിലെത്തിയത്. അവരുടെ അന്നത്തെ ദിവസത്തെ അന്നമാണ് അടുപ്പിലുള്ളത്.

6.അപ്പന്റെ അവസ്ഥയെക്കുറിച്ച് കോരന് കുറ്റബോധം തോന്നിയത് എന്തുകൊണ്ടായിരിക്കാം?

അപ്പന്റെ ഈ അവസ്ഥക്ക് താൻകൂടിയാണ് കാരണക്കാരൻ എന്ന് കോരന് തോന്നുന്നു. അതുകൊണ്ടാണ് കോരന് അപരാധബോധം തോന്നിയത്.നിറഞ്ഞ ആരോഗ്യവും ആനയുടെ കരുത്തുമുണ്ടായിരുന്ന അപ്പൻ ആകെ ക്ഷീണിച്ച് അവശനായിരിക്കുന്നു.ഒരു തീരുമാനം എടുത്തുകഴിഞ്ഞാൽ അതിൽ നിന്നും അണുവിട പിൻമാറുന്ന ആളല്ല.എന്നിട്ടും പിണക്കമെല്ലാം മറന്ന് തന്നെത്തേടി വന്നിരിക്കുന്നു.വളരെ കഷ്ടപ്പെട്ടാണ് തന്നെ വളർത്തിയത്.സ്വന്തം സുഖം നോക്കി ജീവിക്കുന്നതിനിടയിൽ അപ്പന്റെ കാര്യം ഇതുവരെ  തിരക്കിയില്ല.താൻ അപ്പനെ വിട്ടുപോരാതിരുന്നെങ്കിൽ അപ്പന് ഈ ഗതി വരുമായിരുന്നില്ല എന്നും കോരൻ ചിന്തിക്കുന്നു.

7."അതെന്തൊരു അക്ഷന്തവ്യമായ അപരാധമാണ്.ഒരു തരത്തിലും ആ തെറ്റ് ന്യായീകരിക്കാവുന്നതല്ല".
കോരന്റെ ഈ ധാർമ്മികബോധം വർത്തമാനസമൂഹത്തിൽ എത്രത്തോളം നിലനിൽക്കുന്നുണ്ട്?

കോരന്റെയും ചിരുതയുടെയും വിവാഹവുമായി ബന്ധപ്പെട്ട ചില പ്രശ്നങ്ങൾ കാരണം കോരനെ അവന്റെ അച്ഛൻ കൈവെടിഞ്ഞതായിരുന്നു.എന്നാൽ വർഷങ്ങൾക്കുശേഷം അയാൾ മകനെത്തേടി വരുന്നു. പാടത്തെ പണികഴിഞ്ഞ് തിരിച്ചുവരുന്ന കോരൻ കുടിലിനകത്ത് ചിരുതയുമായി സംസാരിച്ചിരിക്കുന്ന അച്ഛനെ കാണുന്നു.എഴുന്നേൽക്കാൻ വയ്യാതായ,ക്ഷീണിതനായ തന്റെ പിതാവിനെ കണ്ടപ്പോൾ കോരന്റെ കണ്ണുകൾ നിറഞ്ഞു. അച്ഛനെ തനിച്ചാക്കി ചിരുതയുമായി മറുനാട്ടിൽ പോയത് അക്ഷന്തവ്യമായ അപരാധമായി കോരന് തോന്നുന്നു.

കോരന്റെ ഈ ധാർമ്മികബോധം ഇന്നത്തെ സമൂഹത്തിൽ വളരെ വിരളമായെ കാണാൻ കഴിയൂ.അതിന് തെളിവാണ് നമ്മുടെ നാട്ടിൽ വർദ്ധിച്ചു വരുന്ന വൃദ്ധസദനങ്ങൾ.മാതാപിതാക്കൾ തങ്ങളുടെ ജീവിതം മുഴുവൻ മക്കൾക്കായി

സമർപ്പിക്കുന്നു. സുഖങ്ങൾതേടി പായുന്നതിനിടയിൽ മക്കൾക്ക് വൃദ്ധരായ മാതാപിതാക്കളെ ശ്രദ്ധിക്കാൻ സമയമില്ല.വീടിന്റെ അകത്തളങ്ങളിലും വൃദ്ധസദനങ്ങളിലും അനാഥാലയങ്ങളിലും അവരുടെ ജീവിതം തളച്ചിടപ്പെടുന്നു.സ്വന്തം മാതാപിതാക്കളെ കൈവെടിയുന്ന മക്കൾ അറിയുന്നില്ല നാളെ തങ്ങൾക്കും ഈ ഗതിവരുമെന്ന്.പുതിയതലമുറയ്ക്കുള്ള ഉപദേശം കൂടിയാണ് കോരന്റെ ഈ പരാമർശം

8."ജീവിതത്തിന്റെ അവസാനാധ്യായങ്ങളാണ് ഒരുകുറുകുറുപ്പോടെ അവിടെ വലിച്ചു കഴിയുന്നത്".
കോരന്റെ അപ്പന് ഈ ഗതി എങ്ങനെ വന്നു?

കോരന്റെ അപ്പൻ രാപ്പകൽ അധ്വാനിച്ചു. അയാൾ അധ്വാനിച്ച് വിളയിച്ച പതിനായിരം പറ നെല്ല് എത്തിയത് ജന്മിമാരുടെ അറയിലാണ്.എന്നിട്ടും അയാൾക്ക് ജീവിക്കാനുള്ള വകപോലും ജന്മിമാർ നൽകിയില്ല.എല്ലുമുറിയെ പണിയെടുത്തിട്ടും ദാരിദ്യം അല്ലാതെ മറ്റൊന്നും മിച്ചമില്ലാത്ത ജീവിതം.

9.രണ്ടിടങ്ങഴിയിൽ തെളിയുന്ന സാമൂഹിക ജീവിതാവസ്ഥ പാഠഭാഗത്തെ ആസ്പദമാക്കി വിലയിരുത്തുക

സാമൂഹ്യവ്യവസ്ഥിതിയുടെ നേർക്കാഴ്ചകളാണ് സാഹിത്യകൃതികൾ.
ജന്മിത്തവ്യവസ്ഥയുടെ ക്രൂരതകളുടെ ഇരകളായ കുട്ടനാടൻ കർഷകത്തൊഴിലാളികൾ വർഗബോധത്തോടെ ഉയിർത്തെഴുന്നേൽക്കുന്നതിന്റെ വിരോജ്ജ്വലവും വികാരനിർഭരവുമായ കഥയാണ് തകഴിയുടെ രണ്ടിടങ്ങഴി.
ജന്മിമാരുടെ അടിമകളായി പകലന്തിയോളം പണിയെടുക്കുന്ന കർഷകത്തൊഴിലാളികൾക്ക് മതിയായ കൂലിയോ ഭക്ഷണമോ ലഭിക്കാറില്ല. മനുഷ്യൻ എന്ന പരിഗണനപോലും അവർക്ക് ലഭിക്കാറില്ല. ഭൂവുടമകളായ ജന്മിമാർ കർഷകരെ ചൂഷണം ചെയ്യുന്ന വ്യവസ്ഥിതിയാണ് അന്ന് നിലനിന്നിരുന്നത്.
കർഷകത്തൊഴിലാളികൾക്കിടയിൽ ഉയർന്നു വരുന്ന ഒറ്റപ്പെട്ട പ്രതിഷേധം കോരനിലൂടെ നോവലിസ്റ്റ് ചിത്രീകരിക്കുന്നു.നോവലിന്റെ അവസാന ഭാഗമാകുമ്പോഴേക്ക് ഈ പ്രതിഷേധത്തിന് സംഘടിതസ്വഭാവം കൈവരുന്നത് കാണാം.'കൃഷിഭൂമി കർഷകന്' എന്ന മുദ്രാവാക്യം ഉയർത്തി കർഷകർ ജൻമിത്തത്തിനെതിരെ പോരാടുന്നു.തൊഴിലാളികളുടെ നിസ്വാർത്ഥവും നിരുപാധികവുമായ സ്നേഹത്തിന്റേയും ത്യാഗത്തിന്റേയും കഥകൂടിയാണ് രണ്ടിടങ്ങഴി

10.ഭാഷാഭേദങ്ങൾ സാഹിത്യകൃതികളെ ആസ്വാദ്യമാക്കുന്നുണ്ടോ?.
'പ്ലാവിലക്കഞ്ഞി' എന്ന പാഠഭാഗത്തെ ആസ്പദമാക്കി വിലയിരുത്തുക

മാതൃഭാഷയുടെ ശക്തിയും ചൈതന്യവും ഭാഷാഭേദങ്ങളാണ്.കുട്ടനാട്ടിലെ പാവപ്പെട്ട കർഷകരുടെ സംസാരഭാഷയാണ് രണ്ടിടങ്ങഴിയിലേത് .

അധ:സ്ഥിത വർഗത്തിന്റെ  എളിമയും വിനയവും ഈ ഭാഷാശൈലിയിൽ കാണാം.'ഏൻ' എന്ന ഉത്തമപുരുഷ സർവനാമത്തിന്റെ ഉപയോഗം ഇതിന് ഉദാഹരണമാണ്.'വ' എന്ന അക്ഷരത്തിന് പകരം 'മ' ഉപയോഗിക്കുന്നു.'മേണ്ട' 'മയറ്റില്' എന്നിങ്ങനെ. 'ഭ' ക്ക് പകരം 'ബ' ഉപയോഗിക്കുന്നു 'അത്താഴക്കരിക്കാടി',      'കൊട്ടിൽ' ,'തറ','മോന്തുക' തുടങ്ങിയ കർഷകത്തൊഴിലാളികളുടെ ജീവിതവുമായി ചേർന്നു നിൽക്കുന്ന പദങ്ങളും നോവലിൽ ഉണ്ട്. ഗ്രാമീണഭാഷയുടെ തെളിമയും വിശുദ്ധിയും രണ്ടിടങ്ങഴിയിൽ കാണാം.

ഓരോ നാടിനും അവരവരുടേതായ ഭാഷാരീതികളുണ്ട്. 'ആറുനാട്ടിൽ നൂറുഭാഷ' എന്നാണു ചൊല്ല്. ഭാഷാഭേദങ്ങളാണ് ഭാഷയുടെ ജീവൻ.ഭാഷഭേദങ്ങളാണ് ഭാഷയുടെ സൗന്ദര്യം. സംസാരഭാഷ സാഹിത്യത്തിൽ ഉപയോഗിക്കുന്നത് അക്ഷേപിക്കപ്പെടേണ്ടതല്ല.സംഭാഷണഭാഷ സാഹിത്യത്തെ കുടുതൽ ആസ്വാദ്യകരമാക്കുന്നു.വായനക്കാരന്റെ മനസ്സിൽ കഥാപാത്രവും കഥയും ആഴത്തിൽ പതിയുന്നത് സംഭാഷണഭാഷ സാഹിത്യത്തിൽ ഉപയോഗിക്കുമ്പോഴാണ്.

## <u>കഥാപാത്രങ്ങൾ:സവിശേഷതകൾ</u>

### <u>ചിരുത</u>

- രണ്ടിടങ്ങഴിയിലെ നായിക
- 'അധ:സ്ഥിതവർഗത്തിലെ ഇന്ദുലേഖ' എന്ന് പ്രൊഫ. ജോസഫ് മുണ്ടശ്ശേരി വിശേഷിപ്പിച്ച കഥാപാത്രം
- ഉത്തമകുടുംബിനി
- കുടുംബത്തിനുവേണ്ടി തന്നാലാവും വിധം അധ്വാനിച്ചു
- കുടുംബസ്നേഹവും ഭർത്തൃസ്നേഹവും ഉള്ളവൾ

### <u>കോരൻ</u>

- പകലന്തിയോളം പണിയെടുക്കുന്നു
- പിതൃസ്നേഹി,കുടുംബസ്നേഹി
- ജന്മിമാരുടെ ചൂഷണത്തിനെതിരെ പ്രതികരിക്കാൻ ധൈര്യം കാണിച്ചവൻ
- തൊഴിലിനോടുള്ള ആത്മാർത്ഥത
- കൂടെപണിയെടുക്കുന്നവരോടുള്ള സ്നേഹം
- വർഗബോധം

### <u>പുഷ്പവേലിൽ ഔസേപ്പ്</u>

- രണ്ടിടങ്ങഴിയിലെ പ്രതിനായക കഥാപാത്രം
- ക്രൂരവും മനുഷ്യത്വരഹിതവുമായ ജന്മിത്തവ്യവസ്ഥയുടെ പ്രതീകം
- തൊഴിലാളികളെ പിശാചുക്കളായി കാണുന്നു
- അവരുടെ അഭ്യർഥനകൾക്ക് വിലകല്പിക്കുന്നില്ല

- ജന്മിത്തവ്യവസ്ഥക്കെതിരെ കോരന്റെ മനസ്സിൽ പ്രതിഷേധചിന്ത ഉയരാൻ കാരണം പുഷ്പവേലിൽ ഔസേപ്പിന്റെ മനുഷ്യത്വരഹിതമായ പ്രവർത്തികളാണ്.

---

## 'ജീവിതം പടർത്തുന്ന വേരുകൾ'
## Chapter:2
## 'ഓരോ വിളിയും കാത്ത്'

1.കുടുംബബന്ധങ്ങളിലെ ഊഷ്മളത 'ഓരോ വിളിയും കാത്ത്' എന്ന കഥയിൽ പ്രകടമാകുന്നതെങ്ങനെ?

അമ്മ,അച്ഛൻ, മകൻ, ജോലിക്കാരൻ എന്നിവർ തമ്മിൽ ഊഷ്മളമായ സ്നേഹബന്ധം ഉണ്ട്.മരിച്ചുപോയ ഭർത്താവിന്റെ വിളിക്കുവേണ്ടി കാത്തിരിക്കുന്ന ഭാര്യ;അച്ഛന്റെ മരണത്തോടെ വീട്ടിൽ  ഒറ്റപ്പെട്ടുപോയ അമ്മയെ തനിച്ചാക്കി പോകാനാകാതെ ധർമ്മസങ്കടത്തിലാകുന്ന മകൻ.ഇങ്ങനെ കുടുംബബന്ധങ്ങളിലെ ഇഴയടുപ്പവും അവരുടെ പരസ്പരസ്നേഹവും കഥയിൽ കാണാം.ആ സ്നേഹബന്ധം മരിച്ചാലും നഷ്ടപ്പെടുന്നില്ല.

2."ഇല്ലച്ഛമ്മേ ഒന്നും കേക്കില്ല.ടീവീന്റെ ഒച്ച മാത്രമേ കേക്കാൻ പറ്റൂ"
"നല്ല വെള്ളോല്ല,നിലാവൂല്ല,കൂമന്റെ ഒച്ചേം ഇല്ല.പിന്നെ എന്താ ആടേ ഉള്ളത്?"

ഗ്രാമ-നഗര ജീവിതവ്യത്യാസം 'ഓരോ വിളിയുംകാത്ത്' എന്ന കഥയിൽ അവതരിപ്പിച്ചിരിക്കുന്നത് എങ്ങനെ?

പരസ്പരസ്നേഹവും വിശ്വാസവും സഹകരണവും ഗ്രാമത്തിൽ കാണാം.കൃഷി അവരുടെ സംസ്കാരമാണ്.ഗ്രാമീണർ പ്രകൃതിയോട് ഇണങ്ങി പ്രകൃതിയെ അറിഞ്ഞു ജീവിക്കുന്നു.സ്വന്തം നാടും വീടും വിട്ടൊരു ജീവിതം അവർക്ക് ചിന്തിക്കാൻ പോലും ആവില്ല.ശാന്തിയും സന്തോഷവും സംതൃപ്തിയും നിറഞ്ഞ ജീവിതമാണ് അവരുടേത്. കഥയിലെ അമ്മയിലൂടെ ഗ്രാമത്തിന്റെ വിശുദ്ധി കഥാകൃത്ത് വരച്ചുകാട്ടുന്നു.

ഉപരിപ്ലവമായ ജീവിതമാണ് നഗരത്തിലേത്.ഫ്ലാറ്റുകളിൽ ഒറ്റപ്പെട്ട് അവർ ജീവിക്കുന്നു.പ്രകൃതിയുമായോ സമൂഹവുമായോ യാതൊരു അടുപ്പവും ഇല്ല.പ്രകൃതിയുടെ മനോഹാരിത ആസ്വദിക്കാനോ പ്രകൃതിയെ അടുത്തറിയാനോ കഴിയില്ല.കാറ്റിന്റെ ശബ്ദമോ പക്ഷികളുടെ ഗാനമോ കേൾക്കാനില്ല. ആകെ കേൾക്കുന്നത് ടി.വി.യുടെ ശബ്ദം മാത്രം

3.മകൻ അമ്മയെ നഗരത്തിലേക്കു വിളിക്കാൻ കാരണം എന്ത്?

അച്ഛന്റെ ഓരോ വിളിക്കു പിന്നാലെ പോകുമ്പോഴും അമ്മയ്ക്ക് ചെറുപ്പമായിരുന്നു.അച്ഛന്റെ മരണത്താൽ പെട്ടെന്ന് അമ്മ വാർദ്ധക്യത്തിന്റെ നിസ്സഹായതയിലേക്ക് വഴുതിവീഴുമെന്ന് മകന് തോന്നുന്നു. അച്ഛനില്ലാത്ത വീട്ടിൽ അമ്മ ഒറ്റപ്പെടും എന്നും മകൻ ചിന്തിക്കുന്നു.

4.ഇവിടെ താൻ തനിച്ചല്ല എന്ന് അമ്മയ്ക്ക് തോന്നിയത് എന്തുകൊണ്ടാവാം?

അച്ഛന്റെ ഓർമ്മകൾ തങ്ങിനിൽക്കുന്ന വീടാണത്.വീടും പറമ്പുമൊക്കെ അച്ഛനാണ് നോക്കിയിരുന്നത്.മരിച്ചിട്ടും അച്ഛന്റെ സാന്നിധ്യം അമ്മ അറിയുന്നു.അച്ഛൻ മരിച്ചു എന്ന സത്യം ഉൾക്കൊള്ളാൻ അമ്മയ്ക്ക് കഴിയുന്നില്ല.സ്നേഹബന്ധത്തിന്റെ ദൃഢത ഇവിടെ കാണാം.മരിച്ചുപോയവർ എപ്പോഴും തന്നോടുകൂടിയുണ്ട് എന്ന ചിന്തയാൽ ജീവിതം മുന്നോട്ടു നയിക്കുന്നവരുണ്ട്.അത്തരമൊരു മാനസികാവസ്ഥയിലാണ് അമ്മയും.

5."ഇപ്പോൾ ഇതൊരു വീടല്ല.നീണ്ട വരാന്തകളും വെണ്മയാർന്ന ചുമരുകളും വലിയ ജനലുകളും വാതിലുകളുമെല്ലാം ഉണ്ടെങ്കിൽപ്പോലും ഇതൊരു വീടാകുന്നില്ല".
മകൻ ഇങ്ങനെ ചിന്തിക്കാൻ കാരണമെന്ത്?

കളിചിരികളും പരിഭവങ്ങളും ഇണക്കങ്ങളും പിണക്കങ്ങളും സ്നേഹത്തിന്റെ കെട്ടുറപ്പുമാണ് വീടിനെ വീടാക്കുന്നത്. അച്ഛന്റെയും അമ്മയുടെയും പരസ്പരസ്നേഹമായിരുന്നു ആ വീടിന്റെ ആത്മാവ്.സ്നേഹബന്ധത്തിന്റെ ആഴം വീടിനെ പൂർണമാക്കുന്നു. ഇന്ന് അത് നഷ്ടമായിരിക്കുന്നു. കിടപ്പിലായപ്പോൾ പോലും അച്ഛന്റെ സാന്നിധ്യം ആ വീട്ടിലെ ഓരോ കാര്യത്തിനുമുണ്ടായിരുന്നു
അച്ഛന്റെ മരണം ആ വീട്ടിൽ ശൂന്യത സൃഷ്ടിക്കുന്നു. അച്ഛന്റെ ശബ്ദവും സാന്നിധ്യവുമില്ല. വീട്ടിൽ നിന്നും ഒരുപാടു പേർ ഇറങ്ങിപ്പോയതുപോലെ മകന് അനുഭവപ്പെടുന്നു.

6."ഏതോ ദിശയിൽ നിന്ന് അടിച്ചെത്തിയ കാറ്റിൽ ശബ്ദങ്ങളുടെ കരിയിലകൾ അപ്പാടെ പാറിപ്പോയി" .
ആശയം വിശദമാക്കുക

ഉണങ്ങിക്കരിഞ്ഞ കരിയിലകൾ കാറ്റിന്റെ ഗതിക്കനുസരിച്ച് പാറിപ്പോകും.ഇവിടെ അച്ഛന്റെ ശബ്ദം കാലത്തിന്റെ ഗതിയനുസരിച്ച് പറന്നുപോയിരിക്കുന്നു.വീട്ടിലെ എല്ലാ ശബ്ദവും അച്ഛന്റെ ശബ്ദത്തിനൊപ്പം ഇല്ലാതായി.കരിയില ആകുന്നതിന് മുമ്പ് അതിനൊരു പച്ചപ്പുണ്ടായിരുന്നു.അതുപോലെ എല്ലാ ശബ്ദത്തിനുമുണ്ട് പച്ചപ്പ്;പരാതികളുടേയും പരിഭവങ്ങളുടേയും സ്നേഹത്തിന്റേയും പച്ചപ്പ്.ആ ശബ്ദത്തിന്റെ പച്ചപ്പ് അച്ഛന്റെ മരണത്തോടെ കാറ്റിൽ പാറിപ്പറക്കുന്ന കരിയിലപോലെ എങ്ങോട്ടോ പോയി.

7."പൊരുളില്ലാത്ത സംസാരമെന്ന് ആദ്യം തോന്നാം.പക്ഷേ, ചെന്നു നോക്കുമ്പോൾ അറിയാം മനസ്സിന്റെ ക്ലാവുപിടിച്ച കണ്ണാടിയിലൂടെ അച്ഛൻ കണ്ടതെല്ലാം ശരിയായിരുന്നുവെന്ന്".
ആശയം വിശകലനം ചെയ്യുക.

വാർദ്ധക്യത്തിന്റെ അവശതകൾ അച്ഛനുണ്ട്.ആ അവശത അച്ഛന്റെ മനസ്സിനെ ബാധിച്ചിട്ടില്ല.ക്ലാവുപിടിച്ച കണ്ണാടിയിൽ വ്യക്തമായി കാഴ്ചകൾ കാണാൻ കഴിയില്ല എങ്കിലും യഥാർത്ഥ ചിത്രം അത് കാണിക്കും. കിടപ്പിലായതിനാൽ കൃഷിയുടെ കാര്യം നേരിട്ടുകണ്ട് ശ്രദ്ധിക്കാൻ അച്ഛന് കഴിയില്ല.എങ്കിലും കിടന്നുകൊണ്ട് അച്ഛൻ പറഞ്ഞ കാര്യങ്ങൾ ശരിയായിരുന്നു.നിരന്തരം പരിചയിച്ച പ്രകൃതിയെ കാണാതെ തന്നെ പ്രകൃതിയുടെ ഓരോ മാറ്റവും അദ്ദേഹം തിരിച്ചറിയുന്നു.കിടപ്പിലായപ്പോൾ പോലും കുടുംബനാഥൻ എന്ന ഉത്തരവാദിത്തം അദ്ദേഹം കാത്തുസൂക്ഷിച്ചിരുന്നു.ആത്മാർത്ഥതയും അർപ്പണബോധവുമുള്ള നല്ല കൃഷിക്കാരനാണ് അച്ഛൻ.
മണ്ണിനെയും പ്രകൃതിയെയും അറിഞ്ഞ് ജീവിക്കുന്ന കൃഷിക്കാരന്റെ അനുഭവജ്ഞാനം ഇവിടെ കാണാം.

8."ഇപ്പഴും എടക്കുടെ പോണ ചെലർ വിവരമറിയാതെ ചോദിക്കും-മൂപ്പരെങ്ങോട്ടു പോയി?.ഞാൻ പറയും പോയീന്ന്.പോയില്ലാന്ന് എനിക്കല്ലേ അറിയൂ".
ഈ വാക്യത്തിൽ തെളിയുന്ന അർത്ഥതലങ്ങൾ എന്തെല്ലാം?

ഇവിടെ 'പോയി'എന്ന വാക്ക് രണ്ടർത്ഥത്തിലാണ് ഉപയോഗിക്കുന്നത്.അമ്മ പറഞ്ഞ 'പോയി'എന്ന വാക്കിന് മരിച്ചു എന്നാണ് അർത്ഥം. എന്നാൽ അച്ഛൻ എങ്ങോ
യാത്രപോയി എന്ന് കേൾക്കുന്നവർ വിചാരിക്കുന്നു.
മരണവും ഒരു തരത്തിൽ യാത്രയാണല്ലോ.ജീവിതത്തിലേക്ക് ഒരിക്കലും മടങ്ങിവരാനാവാത്ത യാത്ര. അച്ഛൻ മരിച്ചു എന്ന സത്യം ഉൾക്കൊള്ളാൻ അമ്മയ്ക്ക് കഴിഞ്ഞിട്ടില്ല.അതിനാലാണ് അമ്മ ഇപ്രകാരം സംസാരിച്ചത്.

**<u>കഥാപാത്രങ്ങൾ-സവിശേഷതകൾ</u>**

**<u>അച്ഛൻ</u>**

- അമ്മയുടെയും മകന്റെയും ഓർമ്മകളിലുടെ കഥയിൽ നിറഞ്ഞുനിൽക്കുന്ന കഥാപാത്രം.
- മറ്റുള്ളവരുമായി ഊഷ്മളമായ ബന്ധം.
- അസുഖങ്ങൾക്കിടയിലും വീടിനെയും വീട്ടുകാരെയുംപറ്റി വേവലാതി.
- മരണത്തോടെ വീടിനെ ശൂന്യതയിലേക്ക് തള്ളുന്നു.
- നിരന്തരം പരിചയിച്ച പ്രകൃതിയെ കാണാതെതന്നെ പ്രകൃതിയിലെ ഓരോ മാറ്റവും അനുഭവിച്ചറിയുന്നു.

**<u>അമ്മ</u>**

- ഭർത്താവിന്റെ ഇഷ്ടം അറിഞ്ഞുള്ള ജീവിതം.
- രോഗാവസ്ഥയിലും ഭർത്താവിന് പരിഗണന നൽകുന്നു.

- ഭർത്താവിന്റെ മരണത്തോടെ മൗനിയാക്കപ്പെടുന്നു.
- ഭർത്താവ് മരിച്ചശേഷവും അദ്ദേഹം ഒപ്പമുണ്ടെന്ന ചിന്ത.
- മകന്റെ കൂടെ പോകാതെ സ്വയം തീരുമാനമെടുക്കുന്നു.
- ഗ്രാമപ്രകൃതിയിൽ അഭിമാനിക്കുന്നു.
- ഭർത്താവിന്റെ മരണം ഉൾക്കൊള്ളാനാവുന്നില്ല.

**മകൻ**

- മാതാപിതാക്കളോട് അതിയായ സ്നേഹം.
- അമ്മയെ നിർബന്ധിച്ച് കൊണ്ടുപോകാനോ തനിച്ചാക്കി പോകാനോ കഴിയാതെ ആത്മസംഘർഷം

അനുഭവിക്കുന്നു.

- മകന്റെ കാഴ്ചപ്പാടിലൂടെ അച്ഛനെ അവതരിപ്പിക്കുന്നു.
- അമ്മയുടെയും അച്ഛന്റെയും ഊഷ്മളമായ സ്നേഹബന്ധം മകനിലൂടെ കഥയിൽ അവതരിപ്പിച്ചിരിക്കുന്നു.

**സമസ്തപദം**

വ്യത്യസ്ത അർത്ഥമുള്ള ഒന്നൊ അതിലധികമൊ പദങ്ങൾ കൂടിച്ചേർന്ന് രൂപംകൊള്ളുന്ന പുതിയപദമാണ് സമസ്തപദം

**ഉദാ:-നെല്ലിൻകുല**

ഇവിടെ 'നെല്ല്','കുല'
എന്നിങ്ങനെ വ്യത്യസ്ത അർത്ഥമുള്ള പദങ്ങൾ കൂടിച്ചേർന്ന് 'നെല്ലിൻകുല'എന്ന പുതിയപദം രൂപംകൊണ്ടു

**സമാസം**

വ്യത്യസ്ത അർത്ഥമുള്ള പദങ്ങൾ ചേർന്ന് പുതിയപദം രൂപംകൊള്ളുന്ന പ്രക്രിയയാണ് സമാസം

**ഉദാ:- നെല്ലിൻകുല**
**(സമാസം)**

**വിഗ്രഹിക്കൽ**

സമസ്തപദത്തെ പ്രത്യയങ്ങൾ ചേർത്ത് പിരിച്ചെഴുതുന്നതാണ് വിഗ്രഹിക്കൽ
**ഉദാ:-**

**നെല്ലിൻകുല(സമസ്തപദം) - നെല്ലിന്റെ കുല(വിഗ്രഹാർത്ഥം)**

ഇവിടെ 'നെല്ല്','കുല'
എന്നീ പദങ്ങൾക്കിടയിൽ 'ന്റെ' എന്ന പ്രത്യയം ചേർത്തിരിക്കുന്നു.

**ഘടകപദം**

സമാസത്തിന്റെ ഭാഗമായ പദമാണ് ഘടകപദം

**ഉദാ:-**

**നെല്ലിൻകുല**
**(സമാസം)-**
**നെല്ല്,കുല**
**(ഘടകപദം)**

നെല്ലിൻകുല എന്ന സമസ്തപദത്തിന്റെ ഘടകപദങ്ങളാണ് 'നെല്ല്','കുല' എന്നിവ

| **വിഗ്രഹാർത്ഥം** | **സമസ്തപദം (സമാസം)** | **ഘടകപദം** |
|---|---|---|
| മരത്തിന്റെ കൊമ്പ് | മരക്കൊമ്പ് | മരം,കൊമ്പ് |
| നെല്ലിന്റെ കുല | നെല്ലിൻകുല | നെല്ല്,കുല |
| കന്നിയിലെ നെല്ല് | കന്നിനെല്ല് | കന്നി,നെല്ല് |

**<u>സമാസം-സവിശേഷതകൾ</u>**

1. എഴുതാനും പറയാനും സൗകര്യം
2. സമയലാഭം
3. ഭാഷാപരമായ സൗന്ദര്യം
4. കൃത്യമായ അർത്ഥബോധം നൽകുന്നു.

---

**<u>'ജീവിതം പടർത്തുന്ന. വേരുകൾ'</u>**
**<u>Chapter:3</u>**
**<u>അമ്മത്തൊട്ടിൽ</u>**

1.അമ്മയുടെ ജിവിതാവസ്ഥയുടെ ദൈന്യത ആവിഷ്കരിക്കുന്ന പ്രയോഗങ്ങൾ ഏതെല്ലാം?.അവ അമ്മയുടെ ജീവിതദൈന്യം ചിത്രീകരിക്കുന്നതിന് എത്രമാത്രം പര്യാപ്തമാണ്?

'കൈച്ചുള്ളികൾ','മങ്ങിപ്പഴകിയ പിഞ്ഞാണവർണമായ പാടയും പീളയും മൂടിയ കണ്ണുകൾ','കരിഞ്ഞൊരീ കൈകൾ', 'സ്വയം ബുദ്ധികെട്ടു കരിന്തിരിയാളുക','ചരിഞ്ഞ് മടങ്ങിയിരിക്കുക' തുടങ്ങിയവയെല്ലാം അമ്മയുടെ ദൈന്യത സൂചിപ്പിക്കുന്ന പ്രയോഗങ്ങൾ ആണ്.
അമ്മ ഇമകൾ അടയ്ക്കുന്നത് പോലും ഏറെ പണിപ്പെട്ടാണ്.ഇത് അമ്മയുടെ അവശതയുടെ ആഴം വ്യക്തമാക്കുന്നു.ചലനശേഷി നഷ്ടപ്പെട്ട കൈകളെ ഉണക്കച്ചുള്ളികളായി കല്പിക്കുന്നു.സ്വന്തം ശരീരത്തിനുമേൽ യാതൊരു നിയന്ത്രണവും അമ്മയ്ക്കില്ല.ശരീരികവും മാനസികവുമായി തകർന്ന് ഓർമ്മകൾ നഷ്ടപ്പെട്ട അമ്മയുടെ ദൈന്യത വായനക്കാരുടെ മനസ്സിൽ പതിയാൻ ഈ പ്രയോഗത്തിലൂടെ കഴിയുന്നു.

2.അമ്മയുടെ കണ്ണുകളെ 'മങ്ങിപ്പഴകിയ പിഞ്ഞാണവർണമായി' എന്നു പറയാൻ കാരണം എന്ത്?

അമ്മയുടെ ദൈന്യത സൂചിപ്പിക്കുന്ന വരികളാണിവ.ജീവചൈതന്യം നഷ്ടപ്പെട്ട പീള അടിഞ്ഞ പോള തൂങ്ങിയ കണ്ണുകൾ.
അമ്മമാർ കണ്ണിമ ചിമ്മാതെ കുഞ്ഞുങ്ങളെ സംരക്ഷിക്കുകയും പരിപാലിക്കുകയും ചെയ്യുന്നു.മക്കൾക്ക് വേണ്ടി എത്രകാലം കാത്തിരിക്കാനും അവർ തയ്യാറാവുന്നു.പാടയും പീളയും അമ്മയ്ക്ക് ലഭിക്കാതെ പോയ പരിചരണത്തെ സൂചിപ്പിക്കുന്നു.ഭക്ഷണം കഴിക്കാൻ ഉപയോഗിക്കുന്ന പാത്രമാണ് പിഞ്ഞാണം.നിരന്തരമായ ഉപയോഗത്താൽ പാത്രം പഴകുകയും നിറംമങ്ങുകയും ചെയ്യും.
പ്രായാധിക്യത്താൽ അമ്മയുടെ കണ്ണിന്റെ തെളിച്ചം നഷ്ടപ്പെട്ടു.കഴുകിക്കഴുകി പഴകിയ പാത്രം പോലെ ജീവിത ദുരിതങ്ങൾ കണ്ടുകണ്ട് നിറംമങ്ങിയ കണ്ണുകൾ.

3.അമ്മയുടെ കൈകളെ ചുള്ളിക്കമ്പിനോട് ഉപമിച്ചതിന്റെ ഔചിത്യം എന്ത്?

ചുള്ളിക്കമ്പിന് അധികകാലം നിലനില്പില്ല.അത് എപ്പോൾ വേണമെങ്കിലും നശിച്ചുപോകാം.മകനെ ലാളിച്ചുപരിപാലിച്ച അമ്മയുടെ കരുത്തുറ്റ കൈകൾ ചോരയും നീരുമറ്റ് ചുള്ളിക്കമ്പുപോലെ ആയിത്തീർന്നിരിക്കുന്നു.അമ്മയുടെ അവശതയും ദൈന്യതയും ഈ വരികളിലൂടെ വ്യക്തമാകുന്നു.

4."ഇപ്പോൾ വിജനമീ തെരുവീഥികൾ
ആകാശഗോപുരങ്ങൾക്കു താഴത്തവ
നാളേയ്ക്കു വേണ്ടി ഉറങ്ങാൻ ശ്രമിക്കുന്നു".
ഈ വരികളിലെ ആശയം വിശദമാക്കുക

പട്ടണത്തിന്റെ സ്വഭാവം വ്യക്തമാക്കുന്ന വരികളാണിവ.സാധാരണ നമ്മൾ ഉറങ്ങുന്നത് വിശ്രമിക്കാൻ വേണ്ടിയാണ്.
എന്നാൽ പട്ടണത്തിൽ വിശ്രമത്തിന് സ്ഥാനമില്ല.
അദ്ധ്വാനത്തിനാണ് പ്രാധാന്യം.
രാത്രിസമയം ആണെന്നുള്ള സൂചനയും ഈ വരികൾ നൽകുന്നു.

5.' ഇപ്പെരും മാളിനെ'-ഈ പ്രയോഗം ധ്വനിപ്പിക്കുന്നത് എന്തെല്ലാം?

'പെരുംമാൾ' എന്ന പ്രയോഗത്തിന് 'പെരും മാൾ'(വലിയ മാൾ) , 'പെരുമാൾ'(ദൈവം),'പെരും ആൾ' എന്നിങ്ങനെ വൈവിധ്യമുള്ള അർത്ഥസാധ്യതകൾ ഉണ്ട്.സാമ്പത്തിക ശക്തിയുടെ പ്രതീകമാണ് മാളുകൾ.മനുഷ്യന്റെ ആഗ്രഹങ്ങൾ  നിറവേറ്റുന്ന ശക്തിയായി ദൈവത്തെ കരുതുന്നു. പുതിയകാലത്തിലെ ദൈവങ്ങളാക്കി മാളിനെ കവി അവതരിപ്പിക്കുന്നു.
സമ്പത്തിൽ മുങ്ങിക്കുളിച്ച് നിൽക്കുന്ന മാളുകളിൽ മനുഷ്യത്വത്തിനൊ,പാഴ് വസ്തുക്കൾക്കൊ സ്ഥാനമില്ല.ആവശ്യം കഴിയുമ്പോൾ വലിച്ചെറിയുന്ന പാഴ് വസ്തുപോലെ  അമ്മയേയും വലിച്ചെറിയാനായി മകൻ മാളിന് സമീപമുള്ള തെരുവോരത്ത് എത്തുന്നു

6.പെറ്റുകിടക്കുന്ന തെരുവുപട്ടിയുടെ ഊറ്റം കാവ്യ സന്ദർഭത്തെ വികാരതീവ്രമാക്കുന്നത് എങ്ങനെ?

ആധുനികകാലത്തെ മനുഷ്യൻ തെരുവിനെ പുച്ഛത്തോടെ കാണുന്നു.ആ തെരുവിൽ കിടക്കുന്ന പട്ടിയുടെ വിവേകം പോലും വിശേഷബുദ്ധിയുണ്ടെന്ന് അഹങ്കരിക്കുന്ന മനുഷ്യനില്ല.സ്വന്തം കുഞ്ഞുങ്ങളെ സംരക്ഷിക്കാനുള്ള തെരുവു പട്ടിയുടെ ഊറ്റം മനുഷ്യരെ പല പാഠവും പഠിപ്പിക്കുന്നു.മാതൃത്വത്തിന്റെ രണ്ട് ഭാവങ്ങൾ ഇവിടെ കാണാം. ഒരമ്മ തന്റെ കുഞ്ഞുങ്ങളെ സംരക്ഷിക്കാൻ വ്യഗ്രത കാണിക്കുമ്പോൾ മറ്റൊരമ്മ സ്വന്തം മകനാൽ ഉപേക്ഷിക്കപ്പെടുന്നു.തെരുവുപട്ടിയുടെ ഭാവചലനങ്ങൾ വളരെ സൂക്ഷ്മതയോടെ കവി ആവിഷ്കരിച്ചിരിക്കുന്നു.

7."ജില്ലാശുപത്രിക്കരികിലൊരേയൊരു
രാക്കടമാത്രം ഉറക്കച്ചടവുമായ്"
ഈ വരികൾ സൂചിപ്പിക്കുന്നത് എന്ത്?

എല്ലാവരും ഉറക്കത്തിലാകുന്ന സമയത്തും ഉണർന്നിരിക്കുന്ന ഇടമാണ് രാക്കട.മക്കളുടെ സുരക്ഷയിൽ ജാഗ്രതപൂണ്ടിരിക്കുന്ന അമ്മയുടെ പ്രതിരൂപമായി രാക്കട മാറുന്നു.

8.'എങ്ങിനികൊണ്ടിറക്കേണ്ടു'എന്ന കവിതയിലെ പ്രയോഗം നൽകുന്ന അർഥസാധ്യതകൾ എന്തെല്ലാം?

നമ്മൾ എടുക്കുന്ന ചുമട് താഴ്ത്തിവയ്ക്കുമ്പോൾ ഇറക്കിവയ്ക്കുക എന്നാണ് പറയുക.അമ്മ അതുപോലെ ഇറക്കിവക്കേണ്ട ഭാരമല്ല.പക്ഷെ ഈ മകന് അമ്മ എവിടെയെങ്കിലും ഇറക്കിവച്ച് ഒഴിവാക്കേണ്ട ഭാരമാണ്.അമ്മയെ ഭാരമായി കരുതുന്ന മകന്റെ മാനസികാവസ്ഥ വ്യക്തമാക്കുന്ന വരികളാണിവ.അമ്മ എന്ന വൈകാരികതലത്തിൽ നിന്നുമാറി അമ്മയെ വെറുമൊരു പാഴ് വസ്തുവായി മാറുന്ന വൈരുധ്യം ഈ പ്രയോഗത്തിൽ കാണാം

9.'ഒഴിവുകനത്തൊരിരുളിടം'.
ഈ വരികൾ നൽകുന്ന സൂചന എന്തെല്ലാം?

ഇരുളിടം നിഗൂഢത നിറഞ്ഞതാണ്.പാഴ് വസ്തുക്കൾ ഉപേക്ഷിക്കാൻ പറ്റിയ ഇടം. 'ഇരുട്ട് എന്നത് മകന്റെ മനസ്സിന്റെ പ്രതിഫലനം കൂടിയാണ്.ഇരുട്ടിൽ പാഴ് വസ്തുക്കൾ ഉപേക്ഷിക്കുന്നതുപോലെ അമ്മയെ ഉപേക്ഷിക്കാൻ  ശ്രമിക്കുന്ന മകന്റെ മനസ്സിൽ ഇരുട്ട് ബാധിച്ചിരിക്കുന്നു.

10.അന്നത്തെ സൂചിപ്രയോഗത്തിന്റെ നീറ്റൽ ഇന്നും അനുഭവിക്കുന്നത് എന്തുകൊണ്ടാണ്?

അമ്മയുടെ ഓർമകൾ മകനെ വേട്ടയാടുന്നു.കുട്ടിക്കാലത്തുണ്ടായതിനെക്കാൾ കൊടിയ നീറ്റലാണ് ഇന്ന് അനുഭവിക്കുന്നത്.അമ്മയെ തെരുവിൽ ഉപേക്ഷിക്കാനുള്ള മനസാക്ഷിയില്ലാത്ത പ്രവൃത്തി മകന് വേദന

നൽകുന്നു.ചെറുപ്പത്തിൽ അമ്മ തന്നെ എത്ര ശ്രദ്ധയോടെ വളർത്തിയതാണ് എന്ന ചിന്തയാവാം നീറ്റലിന്റെ രൂപത്തിൽ അയാൾ അനുഭവിച്ചത്.അന്നത്തെ സൂചിപ്രയോഗം ശരീരത്തിനുണ്ടായ രോഗം മാറ്റാനായിരുന്നു എങ്കിൽ ഇന്ന് രോഗം മനസ്സിനാണ്

11.'കുട്ടിയേകാന്തത കണ്ണുപൊത്തിക്കളിക്കുന്ന'
ഈ പ്രയോഗങ്ങൾ കാവ്യസന്ദർഭത്തിനു നൽകുന്ന സവിശേഷാർത്ഥം എന്ത്?

കണ്ണുപൊത്തിക്കളിയിലെ ഏകാന്തത വിദ്യാലയവുമായി ബന്ധപ്പെട്ട മധുരമുള്ള ഓർമ്മകളാണ്.അമ്മയെ വിദ്യാലയമുറ്റത്തെ ഇരുളിൽ ഉപേക്ഷിക്കാനാണ് മകന്റെ ശ്രമം.പകൽ സമയം കുട്ടികളുടെ കളിചിരികളാൽ നിറഞ്ഞ വിദ്യാലയമുറ്റത്ത് ഇരുട്ടിൽ ഏകാന്തതയാകുന്ന കുട്ടി കണ്ണുപൊത്തികളിക്കുന്നു.ഏകാന്തതയെ കുട്ടിയോട് ഉപമിച്ചിരിക്കുന്നു. വിദ്യാലയം പല ഓർമകളിലേക്കും മകനെ കൊണ്ടുപോകുന്നു.

12.വിദ്യാലയമുറ്റം മകന്റെ മനസ്സിലുണർത്തിയ ചിന്തകൾ എന്തെല്ലാം?

സങ്കടവും പിടിവാശിയുമൊക്കെയുള്ള വിദ്യാലയത്തിലെ ആദ്യദിനങ്ങളിൽ അമ്മ ഒപ്പം വന്ന് മതിലിനു പുറത്ത് കരച്ചിൽ നെഞ്ചിലൊതുക്കി കാത്തുനിൽക്കുമായിരുന്നു.

13. "പിച്ചിയതാര് കരിഞ്ഞൊരീക്കൈകളോ"
എന്ന വരികൾ സൂചിപ്പിക്കുന്നത് എന്ത്?

കുട്ടിക്കാലത്ത് മകന്റെ തെറ്റുകൾ ചെറിയ ശിക്ഷകളാൽ അമ്മ തിരുത്തിയിരുന്നു.വിദ്യാലയമുറ്റത്ത് അമ്മയെ ഉപേക്ഷിക്കാനെത്തിയ മകന് തന്നെ ആരൊ പിച്ചിയതായി അനുഭവപ്പെടുന്നു.അമ്മയെ ഉപേക്ഷിക്കുക എന്നത് പൊറുക്കാൻ പറ്റാത്ത തെറ്റാണ്.മകന്റെ മനസ്സിലെ കുറ്റബോധത്തെ സൂചിപ്പിക്കുന്നതാണ് ഈ വരികൾ

14.'സ്വയം ബുദ്ധികെട്ടു കരിന്തിരിയാളുക' -ഈ പ്രയോഗം അമ്മയുടെ അവസ്ഥയെക്കുറിച്ച് നൽകുന്ന സൂചനകൾ എന്തെല്ലാം?

അമ്മ ജീവിതത്തിലെ അവസാന നിമിഷങ്ങളിലൂടെ കടന്നുപോവുകയാണ്. ഓർമ്മയും ബോധവും നഷ്ടപ്പെട്ട അമ്മയുടെ അവസ്ഥയെ കരിന്തിരി കത്തലായ് വിശേഷിപ്പിക്കുന്നു.ഇരുളിനെ അകറ്റി ചുറ്റും പ്രകാശം പരത്തുന്ന തിരിപോലെ ഒരു കാലത്ത് മകന്റെ ജീവിതത്തെ പ്രകാശമാനമാക്കിയ ജീവനായിരുന്നു അത്. മകനുവേണ്ടി എരിഞ്ഞു തീർന്ന ജീവിതമായിരുന്നു അമ്മയുടേത്.മരണാസന്നയായ അമ്മയെയാണ് ഉപേക്ഷിക്കാൻ ശ്രമിക്കുന്നത് എന്നത് മകൻ ചെയ്യുന്ന പാപത്തിന്റെ ആഴം വ്യക്തമാക്കുന്നു.

15.ഈശ്വരൻ അശാന്തനായതിനുള്ള കാരണങ്ങൾ എന്താവാം?

അമ്മയെ ഉപേക്ഷിക്കാനായി മകൻ അമ്പലനടയിൽ എത്തുന്നു.ഈ കോവിലിൽ വരണമെന്ന് ഓർമ്മ നശിക്കും മുമ്പ് അമ്മ പലപ്രാവശ്യം മകനോട് ആവശ്യപ്പെട്ടിരുന്നു.എന്നാൽ അന്ന് അത് ഒരു ശല്യപ്പെടുത്തലായി മകന് തോന്നി.അമ്മ എപ്പോഴും  മകന്റെ നന്മക്കുവേണ്ടി വേണ്ടി ഈശ്വരനോട് മനമുരുകി പ്രാർഥിച്ചിട്ടുണ്ടാവും.
മകന്റെ
മനുഷ്യത്തരഹിതമായ പ്രവൃത്തി ഈശ്വരനെപ്പോലും അശാന്തനാക്കുന്നു.

16.'കരിമ്പടം','അമ്മവയറ്റത്തു പറ്റിക്കിടന്ന ചൂട്'
'കാച്ചെണ്ണ ചേരുന്ന ഗന്ധം','ഓലക്കൊടികൾ പുകയുന്നതിൻ മണം'. ഈ ഓർമ്മകൾ മകനിലുണർത്തുന്ന വികാരവിചാരങ്ങൾ എന്തെല്ലാം? അമ്മയുടെ സ്നേഹവാത്സല്യങ്ങളും കരുതലും ആവിഷ്കരിക്കുന്നതിന് ഈ പ്രയോഗങ്ങൾ എത്രമാത്രം പര്യാപ്തമാണ്?

കുട്ടിക്കാലത്തെ ഓർമകൾ മകന്റെ കുറ്റബോധം വർദ്ധിപ്പിക്കുന്നു.എന്നും ആശ്വാസവും അഭയവുമായിരുന്നു അമ്മ.തണുപ്പിൽ നിന്നും രക്ഷപെടാൻ വണ്ടിയുടെ ചില്ലുയർത്താൻ ശ്രമിച്ച മകൻ പഴയ ഓർമ്മകളിലേക്ക് മടങ്ങുന്നു.പണ്ട് തനിക്ക് തണുത്തപ്പോൾ അമ്മ കരിമ്പടം കൊണ്ടു പുതച്ചതും അമ്മവയറ്റത്തു പറ്റിക്കിടന്ന ചൂടും അമ്മ കാച്ചിയ എണ്ണയുടെ ഗന്ധവും പുലർകാലത്തെ തണുപ്പുമാറ്റുന്ന ചൂട്ടുകത്തുന്ന മണവുമെല്ലാം മകനെ തെറ്റുചെയ്യാതെ മടങ്ങിപ്പോകാൻ പ്രേരിപ്പിക്കുന്നു .നൂറുനൂറു ഗന്ധങ്ങളായി അമ്മ മകന്റെ മനസ്സിൽ നിറയുന്നു
അമ്മയെ ഉപേക്ഷിക്കാൻ അവ തടസ്സമാകുന്നു

17.'ഒന്നിനും കൊള്ളരുതാത്തവൻ' എന്ന വിശേഷണം ഈ മകന് എത്രമാത്രം ഇണങ്ങും?

ഭാര്യയുടെ കുറ്റപ്പെടുത്തലിന്റെ രൂപത്തിൽ 'ഒന്നിനും കൊള്ളരുതാത്തവൻ' എന്ന വിശേഷണം കവി മകനു നൽകുന്നു. പരാശ്രയം ഇല്ലാതെ ജീവിക്കാൻ കഴിയാത്ത    അവശയായ അമ്മയെ ഉപേക്ഷിക്കാൻ ശ്രമിക്കുന്ന ആ മകൻ കൊള്ളരുതാത്തവൻ തന്നെയാണ്.

18.ഭാര്യയെ കുറ്റപ്പെടുത്തുന്ന മനോഭാവത്തോട് യോജിപ്പുണ്ടോ?.

സ്വന്തം കുറ്റം ഭാര്യയുടെ മുകളിൽ ചാരി രക്ഷപെടാൻ ശ്രമിക്കുകയാണ് അയാൾ.അങ്ങനെ അയാൾ താൻ ചെയ്ത തെറ്റിന് ന്യായീകരണം കണ്ടെത്തുന്നു.നീതിബോധമോ ധാർമ്മികതയോ അയാൾക്കും അവകാശപ്പെടാനാകില്ല.

19."പീളയടിഞ്ഞ് നിറം പോയ കണ്ണുക-
ളെന്തേയടയ്ക്കാതെവച്ചമ്മ നിർദയം?"
മരണത്തിലും തുറന്നുപിടിച്ച അമ്മയുടെ കണ്ണുകൾ എന്തിന്റെ സൂചനയാണ്?
'പീളയടിഞ്ഞ് നിർദയം' - ഈ വരികൾ മകന്റെ അപരാധബോധത്തെയാണോ

സൂചിപ്പിക്കുന്നത് ?

മകന്റെ മാനസികസംഘർഷങ്ങൾ വ്യക്തമാക്കുന്ന വരികളാണിവ.അമ്മയെ ഉപേക്ഷിക്കാനുള്ള തീരുമാനത്തിൽ നിന്നും മകൻ പിൻമാറിയെങ്കിലും ഈ ലോകത്തെ വിട്ട് അമ്മ യാത്രയായി. അമ്മയുടെ തുറന്നുവച്ച കണ്ണുകൾ ജീവിതകാലം മുഴുവൻ താൻ ചെയ്ത കൊടുംപാതകത്തെ ഓർമ്മിപ്പിക്കുമെന്ന് മകൻ തിരിച്ചറിയുന്നു.
അമ്മയുടെ മരണമല്ല മകന്റെ പ്രവർത്തിയാണ് നിർദയമായത്.

ഇത്തരത്തിൽ മനുഷ്യത്വമില്ലാതെ പ്രവർത്തിക്കുന്ന സമൂഹത്തിനു നേരെ തുറന്നുവച്ച കണ്ണുകളാവാം അമ്മയുടേത്
മകനോടുള്ള ജീവിതം മതിവരാതെ അമ്മ കണ്ണുകൾ തുറന്നുവച്ചതാവാം.
അമ്മമാർ എപ്പോഴും തങ്ങളുടെ മക്കൾക്കുവേണ്ടി കണ്ണുകൾ തുറന്നുവയ്ക്കും.ഒരുപക്ഷേ മരണത്തിൽ പോലും അമ്മ മകന്റെ സുരക്ഷക്കായി കണ്ണുകൾ തുറന്നുപിടിച്ചതുമാവാം.

20.'പിൻ സീറ്റിലെത്രയ്ക്കു നേരെയിരുത്തീട്ടും',
'പിറകിലെ സീറ്റിലുണ്ടമ്മ'
എന്നീ വരികൾ കവിതയിൽ സവിശേഷ പ്രാധാന്യം അർഹിക്കുന്നുണ്ടോ? വിലയിരുത്തുക

കവിത ആരംഭിക്കുന്നിടത്തും കവിതയുടെ അവസാന ഭാഗത്തും 'പിൻസീറ്റ്' എന്ന പ്രയോഗം കാണാം.ജീവിതത്തിലെ പിൻസീറ്റ് ആണത്.ഒരു കുടുംബത്തെ മുഴുവൻ മുന്നോട്ട് നയിച്ച അമ്മ ജീവിതത്തിലെ പിന്നാമ്പുറങ്ങളിലേക്ക് മാറ്റപ്പെട്ടിരിക്കുന്നു.ആദ്യ ഭാഗത്ത് പിൻ സീറ്റിലുള്ള അമ്മയിൽ ജീവന്റെ തുടിപ്പുണ്ട്.കവിതയിലെ അവസാന ഭാഗമാകുമ്പോൾ പിൻസീറ്റിൽ അമ്മയുണ്ടെങ്കിലും അമ്മയുടെ ജീവൻ നഷ്ടമായിരിക്കുന്നു.

21.'അമ്മത്തൊട്ടിൽ' എന്ന ശീർഷകത്തിന്റെ ഔചിത്യം പരിശോധിക്കുക

അനാഥ ശിശുക്കൾക്കും ഉപേക്ഷിക്കപ്പെടുന്ന കുഞ്ഞുങ്ങൾക്കും ഉള്ള അഭയസ്ഥാനമാണ് അമ്മത്തൊട്ടിൽ.
.കുട്ടിക്കാലത്ത് വാത്സല്യവും സുരക്ഷിതത്വവും അഭയവും നൽകുന്ന അമ്മ നമുക്ക് തൊട്ടിലായി മാറുന്നു.
കവിതയിലാകട്ടെ അമ്മയെ ഉപേക്ഷിക്കുവാനുള്ള ഇടം - അമ്മത്തൊട്ടിൽ-തേടുകയാണ് മകൻ.അഭയസ്ഥാനം എന്നർത്ഥമുള്ള 'അമ്മത്തൊട്ടിൽ'എന്ന പദത്തിന് അച്ഛനമ്മമാരെ ഉപേക്ഷിക്കാനുള്ള ഇടം എന്ന സവിശേഷാർത്ഥം കവിതയിലൂടെ കൈവരുന്നു.

22.അമ്മയെ ഉപേക്ഷിക്കാൻ മകൻ നടത്തുന്ന യാത്ര മകന്റെ മുൻകാല ജീവിതാനുഭവങ്ങളിലേക്കുള്ള യാത്രയായി മാറുന്നുണ്ട്.ഈ ആശയത്തോടുള്ള നിങ്ങളുടെ പ്രതികരണം എന്ത്?

അമ്മയെ ഉപേക്ഷിക്കാൻ മകൻ ഒരുപാടു പരിശ്രമങ്ങൾ നടത്തുന്നു.അപ്പോഴെല്ലാം ഒരുപാട് ഓർമ്മകൾ അയാളിലേക്കെത്തുന്നു.ജില്ലാശുപത്രിയിലെത്തിയപ്പോൾ കുട്ടിക്കാലത്ത് അനുഭവിച്ച സൂചിപ്രയോഗത്തിന്റെ നീറ്റൽ അയാൾക്ക് അപ്പോഴും അനുഭവപ്പെടുന്നു.വിദ്യാലയമുറ്റത്തെത്തിയപ്പോഴാകാട്ടെ ആദ്യമായി സ്കൂളിലെത്തിയ ദിനവും അന്ന് മതിലിനു പുറത്ത് അമ്മ കാത്തുനിന്നതും അയാൾ ഓർക്കുന്നു. അമ്മയെ ഉപേക്ഷിക്കാനായി കോവിലിൽ എത്തിയപ്പോൾ അമ്മ കോവിലിൽ കൊണ്ടുപോകാനായി നിരന്തരം ആവശ്യപ്പെട്ടത് അയാളുടെ ഓർമ്മയിലെത്തി.ഒടുവിൽ തിരിച്ചു വീട്ടിലേക്ക് പോകാൻ ശ്രമിക്കുമ്പോൾ പഴയകാല ഓർമ്മയിലൂടെ നൂറുനൂറു ഗന്ധങ്ങളായി അമ്മ അയാളുടെ മനസ്സിൽ നിറയുന്നു. അമ്മയെ ഉപേക്ഷിക്കാനുള്ള തീരുമാനത്തിൽ നിന്നും അയാൾ പിൻമാറാൻ കാരണം പഴയകാല ജീവിതാനുഭവങ്ങളാണ്.

---

## Unit:2
## 'നിലാവുപെയ്യുന്ന നാട്ടുവഴികൾ'
## Chapter:1
## കൊച്ചുചക്കരച്ചി

1.വൃക്ഷങ്ങളിൽ വച്ചു വൃക്ഷം മാവുതന്നെയാണെന്ന് ലേഖകൻ സമർഥിക്കുന്നതെങ്ങനെ? ഈ വിശേഷണങ്ങൾ എത്രമാത്രം ഉചിതമാണ്?

മാവ് പൂക്കുന്നതോടെ നാട്ടിൻപുറത്ത് ഉത്സവമാകുന്നു.മാമ്പൂവിന്റെ മൃദുലമായ പരിമളം അന്തരീക്ഷത്തിലെങ്ങും നിറയും.ഉണ്ണിമാങ്ങാപ്പരുവം മുതൽ പഴുത്തമാങ്ങവരെ ഏതുകാലത്തിലും  മാങ്ങ ഭക്ഷ്യയോഗ്യമാണ്.
കുട്ടികൾ മാഞ്ചോട്ടിൽ ഒത്തുചേരുന്നു.കവികൾക്ക് ഇഷ്ടപ്പെട്ട വൃക്ഷവും മാവുതന്നെ

മാമ്പഴം പഴങ്ങളുടെ രാജാവ് എന്നറിയപ്പെടുന്നു.നമ്മുടെ ദേശീയഫലവും മാങ്ങ തന്നെ.
മാവില പൂജയ്ക്കും അലങ്കാരങ്ങൾക്കും പല്ലുതേയ്ക്കാനും ഉപയോഗിക്കുന്നു.മാവിലയിട്ടു തിളപ്പിച്ച വെള്ളം കുളിക്കാനായി ഉപയോഗിക്കാറുണ്ട്.മാമ്പൂത്തൈലം സവിശേഷഗുണങ്ങളുള്ളതാണ്.മാവിന്റെ അണ്ടിപ്പരിപ്പുപോലും ഔഷധമൂല്യമുള്ളതാണ്.
കിളികൾക്കും പ്രിയപ്പെട്ട വൃക്ഷം മാവുതന്നെ.മാവ് ചതിക്കില്ല എന്നാണ് വിശ്വാസം. ഇത്തരത്തിൽ മനുഷ്യന്റെ
ജീവിതത്തോടു ചേർന്നുനിൽക്കുന്ന മറ്റൊരു വൃക്ഷം ഇല്ലെന്നുതന്നെ പറയാം.

2. മരവും മനുഷ്യനും തമ്മിലുള്ള കെവലമായ ബന്ധമാണോ കൊച്ചുചക്കരച്ചിയും അമ്മയും തമ്മിലുണ്ടായിരുന്നത്?പരിശോധിക്കുക

ഒരു കുടുംബാംഗത്തെപ്പോലെ അമ്മ മാവിനെ സ്നേഹിക്കുന്നു.മാവ് മുറിക്കാൻ തുനിയുമ്പോൾ അമ്മ തടയുന്നു.മാവ് ചതിക്കില്ലെന്ന് അമ്മ ഉറച്ചുവിശ്വസിക്കുന്നു.കൊച്ചുചക്കരച്ചിയോടുള്ള വിശ്വാസം കൊണ്ടാവാം കാറ്റും മഴയും വരുമ്പോൾ അമ്മ പൂമുഖത്ത് പോയിരിക്കും.അമ്മയുടെ വിശ്വാസം പോലെ അപകടരഹിതമായി മാവ് വീഴുന്നു.അതിനുശേഷവും കൊച്ചുചക്കരച്ചിയുടെ ഓർമ്മകളെ സ്നേഹിക്കുന്നു.മാവ് വീണ സ്ഥാനത്തു കിളിർത്തുവന്ന മാവിൻതൈയെ മകളെപ്പോലെ പരിഗണിക്കുന്നു.മരവും മനുഷ്യനും തമ്മിലുള്ള കേവലമായ ബന്ധമല്ല അമ്മയും കൊച്ചുചക്കരച്ചിയും തമ്മിലുണ്ടായിരുന്നത്.പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ആത്മബന്ധം അതിൽകാണാം.

3.കൊച്ചുചക്കരച്ചിക്ക് മാനുഷികഭാവം നൽകിയിരിക്കുന്നതിലെ ഔചിത്യം വിശകലനം ചെയ്യുക

'കുലശ്രേഷ്ഠ' എന്നു വിശേഷിപ്പിച്ചുകൊണ്ടാണ് ലേഖകൻ കൊച്ചുചക്കരച്ചിയെ വായനക്കാർക്ക് പരിചയപ്പെടുത്തുന്നത്.'അധീശ്വരി','വൃദ്ധമുത്തശ്ശി' എന്നിങ്ങനെയും കൊച്ചുചക്കരച്ചിയെ വിശേഷിപ്പിച്ചിരിക്കുന്നു.മുത്തശ്ശിമാരുടെ സ്നേഹവും കരുതലും വാത്സല്യവും മാവിൽ കാണാം.മുത്തശ്ശിയെപ്പോലെ നിരവധി തലമുറകൾക്ക് സംരക്ഷണം നൽകിയവളാണ് കൊച്ചുചക്കരച്ചി. നാവുണ്ടായിരുന്നെങ്കിൽ കുടുംബത്തിന്റെ കഥ അവൾ പറയുമായിരുന്നത്രേ.കുട്ടികളെപ്പോലെ അരുമത്തം നേടിയവളാണ് കൊച്ചുചക്കരച്ചി.

തന്റെ പടയാളികളായ നീറുകളാൽ മാവ് വിൽക്കാൻ ശ്രമിക്കുന്നത് അവൾ തടയുന്നു.മനുഷ്യനെപ്പോലെ അപകടഘട്ടത്തെ കൊച്ചുചക്കരച്ചി പ്രതിരോധിക്കുന്നു.മാവിന്റെ തടി ജീർണിച്ചു തുടങ്ങിയതിനെ 'അത്യാഹിതം' എന്നാണ് ലേഖകൻ വിശേഷിപ്പിക്കുന്നത്.കുടുംബത്തിലെ ഒരംഗത്തിന് മാരകരോഗം വന്നാൽ മറ്റുള്ളവരെ എങ്ങനെ ബാധിക്കുമോ അതുപോലെ കൊച്ചുചക്കരച്ചിയുടെ രോഗം മറ്റുള്ളവരെ വേദനിപ്പിക്കുന്നു. പ്രതിസന്ധി ഘട്ടങ്ങളെ ഇച്ഛാശക്തിയാൽ മറികടക്കുന്ന മനുഷ്യനെപ്പോലെ ജീവച്ഛേദകരമായ രോഗം പിടിപെട്ടിട്ടും സ്വന്തം ഇച്ഛാശക്തിയാൽ അവൾ അതെല്ലാം മറികടക്കുന്നു.രോഗമുണ്ടെന്നു മനസ്സിലായിട്ടും അതു വകവെയ്ക്കാതെ തന്റെ കർത്തവ്യങ്ങൾ നിറവേറ്റുന്ന ഒരു സാധാരണകുടുംബാംഗത്തെ ഇവിടെ കാണാം.

നിബിഡവും ശ്യാമളവുമായ തലമുടിയുള്ളവളാണ് കൊച്ചുചക്കരച്ചി.കൊച്ചുചക്കരച്ചിയുടെ തിങ്ങിനിറഞ്ഞ ഇലച്ചാർത്തുകളെ നിബിഡവും ശ്യാമളവുമായ തലമുടിയായി വിശേഷിപ്പിച്ചിരിക്കുന്നു. ഒരു ധനുമാസത്തിലെ കാറ്റിലും മഴയിലും മാവ് നിലംപതിക്കുന്നു.അകാലത്തിലുണ്ടായ ആ കാറ്റും മഴയും കൊച്ചുചക്കരച്ചിയുടെ ആത്മാവിനെ കൂട്ടികൊണ്ടുപോകാൻ

വന്നതാണത്രേ.ഇവിടെ മനുഷ്യനുണ്ടെന്നു കരുതുന്ന ആത്മാവ് കൊച്ചുചക്കരച്ചിയിൽ ആരോപിച്ചിരിക്കുന്നു.
ഒടുവിൽ കൊച്ചുചക്കരച്ചി നിന്ന സ്ഥലത്തു കിളിർത്തുവന്ന മാവിൻതൈയെ കൊച്ചുചക്കരച്ചിയുടെ മകളായി കണക്കാക്കുന്നു.മാവ് ഇല്ലാതായ ശേഷവും അതിന്റെ ഓർമ്മകളെ സ്നേഹിക്കുന്നു.
തുടക്കം  മുതൽ അവസാനം വരെ കൊച്ചുചക്കരച്ചിയെ മാനുഷികഭാവത്തിൽ അവതരിപ്പിച്ചിരിക്കുന്നു.
കൊച്ചുചക്കരച്ചിക്ക് കൈവരുന്ന മാനുഷികഭാവങ്ങളാണ് ഈ ഉപന്യാസത്തെ ഹൃദ്യമാക്കിതീർക്കുന്നത്.

4.എ.പി.ഉദയഭാനുവിന്റെ രചനാശൈലിയുടെ സവിശേഷതകൾ എന്തെല്ലാം?. 'കൊച്ചുചക്കരച്ചി' എന്ന പാഠഭാഗത്തെ ആസ്പദമാക്കി വിലയിരുത്തുക.

നർമ്മ സ്പർശമുള്ള നിരവധി ലളിതോപന്യാസങ്ങളുടെ കർത്താവ് എന്ന നിലയിൽ പ്രശസ്തനാണ് എ.പി.ഉദയഭാനു.'കൊച്ചുചക്കരച്ചി' എന്ന രമ്യോപന്യാസത്തിൽ
ജീവിതാനുഭവങ്ങളെ ആകർഷകവും ലളിതവുമായ ഭാഷയിൽ നർമ്മത്തിൽ പൊതിഞ്ഞ് അദ്ദേഹം അവതരിപ്പിക്കുന്നു.

'രണ്ടു പേടകളാൽ അനുസേവ്യനായി നിൽക്കുന്ന മയിലിനെപ്പോലെ ….. കാണാൻ തടസ്സമുണ്ടാകുന്നു' എന്നിങ്ങനെ കാവ്യാത്മകമായ ധാരാളം പ്രയോഗങ്ങൾ അദ്ദേഹത്തിന്റെ ലേഖനത്തിൽ കാണാം.
അനുഭവസുഖം പകരുന്ന വർണനയാണ് ലേഖനത്തിലുള്ളത്.
'പച്ചമാങ്ങാ അൽപം ഉപ്പുചേർത്ത് കറുമുറാ……അണകൾ കോച്ചിപ്പോകും'ഇത്തരത്തിൽ ഗന്ധം, രുചി,സ്പർശം, കാഴ്ച തുടങ്ങിയവ ബോധ്യപ്പെടുത്തുന്ന തരത്തിലുള്ള  വർണനകൾ ലേഖനത്തെ ആകർഷമാക്കുന്നു.

'അണ്ണാൻപിറന്നാൾ മഹായജ്ഞം','കൊതിയ സമാജം','ഉണ്ണിയിടൽ','നാലുകെട്ട്','നെൽപ്പുര','കറ്റപ്പുര','തേങ്ങാക്കൂട്ട്' ഇത്തരത്തിലുള്ള ധാരാളം നാട്ടറിവുകളും ഗ്രാമീണപദങ്ങളും അദ്ദേഹത്തിന്റെ ലേഖനത്തിന്റെ സവിശേഷതയാണ്.

മാവിനെക്കുറിച്ചുള്ള അറിവുകൾ ലളിതമായി ആകർഷകമായ ഭാഷയിൽ അദ്ദേഹം വായനക്കാർക്ക് പകർന്നു നൽകുന്നു.മാവിന് കുടുംബത്തിലുള്ള സ്ഥാനവും
കൊച്ചുചക്കരച്ചിയും അമ്മയും തമ്മിലുള്ള ബന്ധവും വളരെ ഹൃദ്യമായി ലേഖകൻ വിവരിച്ചിരിക്കുന്നു.കൊച്ചുചക്കരച്ചിക്കു നൽകിയ മാനുഷികഭാവം രചനയെ ആകർഷകമാക്കുന്നു.
പുതുതലമുറയിൽ പ്രകൃത്യനുകൂല മനോഭാവം രൂപപ്പെടുത്താൻ സഹായിക്കുന്ന;പ്രകൃതിസംരക്ഷണത്തിന്റെ അനിവാര്യത ബോധ്യപ്പെടുത്തുന്ന ഉപന്യാസം ഒരു മുത്തശ്ശിക്കഥപോലെ ആസ്വാദ്യകരമായി വായനക്കാരന് അനുഭവപ്പെടുന്നത് അദ്ദേഹത്തിന്റെ രചനാവൈഭവം ഒന്നുകൊണ്ടു മാത്രമാണ്.

5."എത്രയോ തലമുറകൾ ആ വൃക്ഷമുത്തശ്ശിയുടെ കാൽചുവട്ടിലിരുന്നു.മധുരം തിന്നു വളർന്നു വൃദ്ധരായി കാലയവനികയ്ക്കപ്പുറം  മറഞ്ഞിരിക്കുന്നു".മാവിനെ 'വൃക്ഷമുത്തശ്ശി' എന്നു പ്രയോഗിച്ചിരിക്കുന്നതിലെ ഔചിത്യം എന്താവാം?

മാവിന്റെ പ്രായവും പ്രായത്തിന്റെ ലക്ഷണങ്ങളും ഈ വാക്യത്തിൽ കാണാം. മുത്തശ്ശിമാരോടും മാവിനോടും പ്രത്യേക സ്നേഹമുള്ളവരാണ് കുട്ടികൾ. നിരവധി തലമുറകൾക്ക് സംരക്ഷണം നൽകിയ മാവിൽ ഒരു മുത്തശ്ശിയുടെ സ്നേഹവും കരുതലും വാത്സല്യവും കാണാൻ കഴിയും.

6."കർക്കടകമാസത്തിലെ  കറുത്തവാവിൻനാളിൽ ആകാശത്തിനു താഴെ തന്റെ ഇലപ്പടപ്പുകൊണ്ട് മറ്റൊരാകാശം സൃഷ്ടിച്ച്  മിന്നാമിനുങ്ങുകളെകൊണ്ട് നക്ഷത്രനിബിഡമായി നിൽക്കുന്നു".
ഇ വാക്യത്തിന്റെ സവിശേഷതകൾ എന്തെല്ലാം?

മാവിന്റെ മനോഹാരിത ഹൃദ്യമായി വർണിച്ചിരിക്കുന്നു.ഇലച്ചാർത്തുകളുടെ നിബിഡതയാലും മിന്നാമിനുങ്ങുകളുടെ പ്രകാശത്താലും ആകാശത്തിനു താഴെ മറ്റൊരാകാശം സൃഷ്ടിക്കുന്ന മാവ്  കാണികൾക്ക് മറ്റൊരു ആകാശക്കാഴ്ച നൽകുന്നു.


**<u>തയാറാക്കിയത്,</u>**

**ആഷ.വി.റ്റി.,**<br>**ഗവ:ഹയർ സെക്കൻഡറി സ്കൂൾ,**<br>**അഞ്ചൽ.ഈസ്റ്റ്,**<br>**കൊല്ലം.**

**<u>എഡിറ്റിങ്,</u>**

**അഷിത.പി.,**<br>**ഗവ: ഹയർ സെക്കൻഡറി സ്കൂൾ,**<br>**പുനലൂർ,**<br>**കൊല്ലം.**


.

.